എന്റെ ആദ്യത്തെ ഈ സംരംഭം
എന്റെ പ്രേരണയും പ്രചോദനവും
ഏറ്റവും നല്ല വിമർശകനുമായ
ബിജു ടിറ്റി ജോർജിന്
സമർപ്പിക്കുന്നു

# സപ്ന അനു ബി. ജോർജ്

സപ്ന അനു ബി. ജോർജ് കോട്ടയത്ത് ജനിച്ചു. ബേക്കർ മെമ്മോറിയൽ സ്കൂളിലും സി.എം.എസ്.കോളേജിലും പഠനം. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം. ആനുകാലികങ്ങളിൽ ലേഖനം എഴുതിക്കൊണ്ടിരിക്കുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള സ്വതന്ത്ര പത്രപ്രവർത്തനത്തിനു പുറമെ കവിത, ഫോട്ടോഗ്രാഫി, കുക്കിംഗ് തുടങ്ങിയ വിഷയങ്ങൾ ബ്ലോഗിങ്ങിലൂടെ വിനിമയം ചെയ്യുന്നു. സപ്നയുടെ പാചകവിധി വിദേശമലയാളികൾക്ക് കേരളത്തിന്റെ പാരമ്പര്യ രുചികൾ പകർന്നുകൊടുക്കുന്നവയാണ്. ആധുനിക ലോകത്തിന് അന്യമായ പാരമ്പര്യ രുചികളെ പല പ്രസിദ്ധീകരണങ്ങളായും, ബ്ലോഗിലും സപ്ന പുനരാവിഷ്ക്കരിക്കുന്നു. അമ്മ അന്നമ്മ തോമസിൽ നിന്നും പകർന്നുകിട്ടിയതാണ് ഈ രുചികളെന്ന് സപ്ന സാക്ഷ്യപ്പെടുത്തുന്നു. തന്റെ സാഹിത്യാഭിരുചികൾക്ക് പിതൃസഹോദരി ലീലാമ്മ ജെ. ഏന്നിരിയിലിനോടാണ് കടപ്പെട്ടിരിക്കുന്നത്. അമ്പതുകളിൽ അവരുടെ മൂന്നു നോവലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പിതാവായ തോമസ് ജേക്കബിന്റെ എഴുത്തിനോടും വായനയോടുമുള്ള അഗാധമായ താല്പര്യം സപ്നയേയും സ്വാധീനിച്ചിരിക്കുന്നു. ബിജു ടിറ്റി ജോർജ്ജിനോടും മക്കളായ ശിക്ഷ, ദീക്ഷിത്ത്, ദക്ഷിൺ എന്നിവരോടുമൊപ്പം ഒമാനിലെ മസ്ക്കറ്റിലാണ് താമസം.

സപ്ന അനു ബി. ജോർജ്

# സ്വപ്നങ്ങൾ

സിയെല്ലെസ് ബുക്സ്, തളിപ്പറമ്പ്

Malayalam Poems

**Swapnangal**

by
Sapna Anu B. George

Rights reserved

First Published, December 2009

Cover Design:
P.R. Rajan, Madrass
9104445525496
rajanputhiyedam@gmail.com

Printed in India
at Makthab Offset Printers
Taliparambu, Kannur, Kerala, India

Publishers:
Ceeyelles Books
Taliparambu - 670 141
Kannur Dt. Kerala St., India

Distributors:
Ceeyelles Books, Taliparambu, Kannur, Kerala, India
Ph:+ 91 460 2204120
Mob: 09447203420

Price: Rs. 35/-

No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.

# അവതാരിക

'ഏകാന്തതയിൽ പുനർജ്ജനിക്കപ്പെടുന്ന വികാരമാണ് കവിത'. കാല്പനികതയുടെ വിശ്വമഹാകവിയായ വേർഡ്സ്വർത്ത് ഇങ്ങനെയാണ് കവിതയെ നിർവ്വചിച്ചിട്ടുള്ളത്. ചെറുതും വലുതുമായ ജീവിതാനുഭവങ്ങളും അനുഭൂതികളും ആവിഷ്ക്കരിക്കാനുള്ള അഭിവാഞ്ഛയിൽ നിന്ന് ഉത്തമ സാഹിത്യരൂപമായ കവിത പിറവിയെടുക്കുന്നു. ഹൃദയത്തിലാഴുന്ന വികാരങ്ങൾ ഏകാന്തതയിൽ മനനം ചെയ്യപ്പെടുകയും വർണ്ണഗന്ധങ്ങളുള്ള പുഷ്പങ്ങളായി ഈ ഏകാന്തതീരങ്ങളിൽ രൂപാന്തരപ്പെടുകയും ചെയ്യുന്നു. സി.എൽ.എസ്. ബുക്സ് പ്രസിദ്ധീകരിക്കുന്ന സപ്ന അനു ബി. ജോർജ്ജിന്റെ 'സ്വപ്നങ്ങൾ' എന്ന കവിതാസമാഹാരത്തിലൂടെ കടന്നുപോയപ്പോൾ ഓർമ്മവന്നത് വേർഡ്സ് വർത്തിന്റെ ഈ കവിതാ നിർവ്വചനമാണ്.

കാല്പനികതയാണ് ഈ കവയത്രിയുടെ തട്ടകം. ഈ കാവ്യാരാമത്തിൽ വീശുന്ന കാറ്റുകൾക്ക് വേദനയുടെ കുളിർമ്മയുണ്ട്. ഓരോ പൂവിതളിലും തുടിച്ചുനിൽക്കുന്നത് വേർപാടിന്റെ ഗന്ധം. ഈ കാല്പനിക കാവ്യാരാമത്തിലേക്ക് കടന്നുവരുന്ന അനുവാചക ഹൃദയങ്ങളിലെല്ലാം വേർപാടിന്റെ വേദനകളും നിറയ്ക്കാൻ പര്യാപ്തമായ കാവ്യപുഷ്പങ്ങൾ തന്നെയാണിവ.

*ഒരുനുള്ളു സൂര്യനും ഒരുപിടി മേഘവും*
*ചിറകുവിരിച്ചു പറക്കുന്ന പക്ഷിയും*
*പറയുന്നു സോദരീ നേരമായ് പിരിയുവാൻ* -(അസ്തമയം)

എന്ന വരികൾ മുകളിൽ പറഞ്ഞതിനുദാഹരണമാണ്. ജന്മസാഫല്യത്തികവോടെ വിടപറയുന്ന മേഘങ്ങൾക്കും സൂര്യകിരണങ്ങൾക്കും യാത്രാമൊഴി നൽകുന്ന കവയത്രി ഈ വേദന പങ്കുവയ്ക്കാൻ ഓരോ വായനക്കാരനെയും നിശബ്ദമായി ക്ഷണിക്കുകയും ചെയ്യുന്നു.

വീടും നാടും വിട്ട പ്രവാസിയുടെ പറിച്ചുനടലിന്റെ നൊമ്പരങ്ങൾ മനോഹരമായി ആവിഷ്ക്കരിക്കാൻ സപ്നക്ക് കഴിഞ്ഞിട്ടുണ്ട് തന്റെ കവിതകളിൽ. ഞാൻ, പ്രവാസകാലത്തിലെ ഗുണനപ്പട്ടിക തുടങ്ങിയവയിലാവിഷ്ക്കരിച്ചിട്ടുള്ള വേദനയുടെ ചീളുകൾ വായനക്കാരന്റെ ഹൃദയത്തിലേക്ക് തുളച്ചുകയറുന്നു.

സാഹിത്യനിർമ്മാണത്തിനു നാലുതരം പ്രേരണകളുണ്ടെന്നു പറയുന്ന ഡബ്ല്യൂ. എച്ച്. ഹഡ്സൺ അതിലേറ്റം പ്രാധാന്യത്തോടെ കൊടുത്തിരിക്കു

ന്നത് ആത്മപ്രകാശനത്തിനുള്ള ഒരുവന്റെ താല്പര്യത്തെയാണ്. സ്വകാര്യ ജീവിതത്തിന്റെ ആഭ്യന്തര ബാഹ്യതലങ്ങളെ സ്പർശിക്കുന്ന അനുഭവങ്ങ ളാണ് സാഹിത്യത്തിന്റെ മുഖ്യപ്രേരകമെന്ന ഹഡ്സന്റെ നിഗമനത്തോട് കൂറു പുലർത്തുന്ന കവിതകളാണ് ഈ സമാഹാരത്തിലേറെയും.

*ഒരു പുലരിക്കതിർവെട്ടം*
*അവാച്യമാ മാനന്ദനിർഝരി*
*കരകാണാക്കടലായനന്തമായ്*
*തിരയായ് നുരയായടിയുമെന്നിൽ*

എന്നു പാടുന്ന കവയത്രി തന്നിൽ തിരയടിക്കുന്ന അനുഭൂതിയിൽ ലയി ക്കയാണ്. സ്വപ്നങ്ങളായിരുന്ന തരളിതഭാവങ്ങൾ ഓർമ്മകളിൽ മിന്നിമറി യുമ്പോൾ

*എന്റെ സ്വപ്നത്തിൽ, പണ്ടുനീയെനിക്കുതന്ന*
*ആ ചുംബനമുണ്ടല്ലോ*
*അതിന്നും എന്റെ ചുണ്ടിലുണ്ട്-* എന്ന് തന്റെ സ്വപ്നങ്ങളിൽ വിരുന്നു വരുന്നവനോട് പറയുന്നു. സ്വപ്നചുംബനങ്ങളുമായി ഇന്നും തന്നരികിൽ വരുന്ന അജ്ഞാതനായ ആ സുഹൃത്തിനോട് നന്ദിപറയുവാനും 'ഒരു ചുംബന'മെന്ന കവിതയിലൂടെ കവയത്രി തയ്യാറാകുന്നു.

*ഇടവഴിയിൽ തിരഞ്ഞെത്തിയ*
*കാറ്റുമൂളും കവിതകളിൽ*
*മുറ്റത്തെ തലയാട്ടും പൂമരച്ചില്ലയിൽ*
*കൂടുകൂട്ടിച്ചോദിച്ചു സ്നേഹപക്ഷി*
*അറിയില്ലേ എന്നെ* - (ഒരുമുഖം)
*എന്ന വരികളിലും*
*എന്റെ മനസ്സിലെ നൊമ്പരങ്ങൾ*
*നിഴലായ് മറന്ന വിഭ്രാന്തികളിൽ*
*കവിതയായ് മാറുന്ന വേളകളിൽ*
*സാന്ത്വനമായ് കൂടെ നിന്നവൻ നീ* -(അജ്ഞാതനായ കൂട്ടുകാരൻ)

തുടങ്ങിയ വരികളിലും നിറഞ്ഞുനിൽക്കുന്ന ആരോ ഒരാൾ നിഴലായി ഒരദൃശ്യ സാന്നിദ്ധ്യമായി സപ്നയുടെ ഒട്ടെല്ലാ കവിതകളിലും ഉണ്ട്.

ഗ്രാമവിശുദ്ധികളുടെ പേരിൽ നാഗരികതയുടെ കാപട്യങ്ങൾ നീരാളി പ്പിടുത്തമായി മുറുകുമ്പോൾ വേദനിക്കുന്ന ഒരു കവിഹൃദയമാണ് സപ്ന യുടേത്.

*ഓടുന്ന വണ്ടിയിൽ മായുന്ന കാഴ്ചപോൽ*
*ഓടിയകന്ന പരിചിതക്കൂട്ടരും*
*തേടിവരുന്നൊരു സൗഹൃദപ്പുഞ്ചിരി*
*ക്കുള്ളിലൊളിക്കും കാപട്യത്തിരകളും*
*കണ്ടുമടുത്തു തിരിഞ്ഞു നടന്നെത്തി-*
*യിന്നീ മരച്ചോട്ടി-*
*ലേകയായ് നിൽപ്പുഞാൻ*-(അക്ഷരപ്രേമി)

എന്നു പാടുന്ന കവയത്രി, പിച്ചവയ്ക്കാൻ പഠിപ്പിച്ച ബേബി വാക്കറിനെയും ബർഗറിനെയും ചിപ്സിനെയും സ്നേഹിക്കുകയും സൂപ്പർമാനെയും ടാർസനെയും കൂട്ടുകാരാക്കാൻ വിധിക്കപ്പെട്ട ആധുനിക ബാല്യത്തിന്റെ ദയനീയതയോർത്ത് വിലപിക്കുകയും ചെയ്യുന്നു. 'ഞാൻ' എന്ന കവിതയിലെ 'സമ്മർ ഹോളിഡേ'യിലെ ഓൾഡ് ഗ്രാനിയുടെ വീട് ഒരു പ്രതീകമാണ്. വ്യാപകമായിക്കൊണ്ടിരിക്കുന്ന സാംസ്ക്കാരികഭ്രംശം, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ, അപരിചിതത്വത്തിന്റെ മുഖഛായ പേറുന്ന ബന്ധങ്ങൾ, സാമൂഹ്യവിശുദ്ധിയുടെ മേൽ അതിക്രമിച്ചുകയറുന്ന കാപട്യക്കച്ചവട മനസ്സുകൾ എല്ലാം ഒരു സ്ക്രീനിലെന്നവണ്ണം തെളിയുകയും മറയുകയും ചെയ്യുന്ന ലഘുകവിതയാണ് 'ഞാൻ'.

*നൈറ്റ് ക്ലബ്ബിൽ നിന്ന് മമ്മിയെത്തുംമുമ്പ്*
*എങ്ങോട്ടോ പോയ പപ്പയോട്*
*ഗുഡ്നൈറ്റ് പറഞ്ഞ് ഞാനുറങ്ങാൻപോയി*
*ആരോടും ഗുഡ്മോണിംഗ് പറയാനില്ലാതെ*
*നാളെയുണരാനായി*- എന്ന വരികളിലൊളിഞ്ഞും തെളിഞ്ഞും കിടക്കുന്ന വികാരങ്ങൾ നിസ്സഹായതയുടേയോ അതോ നിശബ്ദമായ പ്രതിഷേധത്തിന്റേതോ എന്ന സന്ദേഹം മാത്രമാണവശേഷിക്കുന്നത്.

അച്ഛനമ്മമാരുടെ കൈകൾ പിടിച്ച് പിച്ചവച്ചിരുന്ന ബാല്യം 'ഓർമ്മ' എന്ന കവിതയിൽ തെളിയുന്നു.

*കൺതുറന്നാലുമടച്ചാലുമെപ്പോഴും*
*മുന്നിൽ തെളിയുന്നു ഇങ്ങകലങ്ങളിൽ*-പ്രവാസത്തിന്റെ പാതകളിൽ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മയായ് അച്ഛനമ്മമാർ മിന്നിമറയുന്നു. സങ്കടക്കായലിൽ മുങ്ങിപ്പൊങ്ങുമ്പോഴും, നഷ്ടസ്വപ്നവഴിത്താരകളിൽ ഇരുട്ടിൽ നിൽക്കുമ്പോഴും ശുഭാപ്തിവിശ്വാസത്തോടെ ഒരു നല്ല നാളെയെക്കൊതിക്കുന്ന മനസ്സ് കവയത്രിയുടെ കരുത്താകുന്നു. നഷ്ടങ്ങളുടെ ചങ്ങലക്കണ്ണികളിൽക്കുരുങ്ങാതെ കൈവന്ന നന്മകളിലാശ്വസിക്കാൻ തയ്യാറാകുന്ന പക്വത ഈ കവിതകളെ വ്യത്യസ്തമാക്കുന്നു.

*എത്രയോ ഭാഗ്യയാണെന്നറിയുന്നുഞാ-*
*നാ, രുണ്ടീ ഭൂമിയിലെന്നൊപ്പം നിൽക്കുവാൻ.*

എന്നു സമാശ്വസിക്കുന്ന വരികളിലൂടെ ഇന്നത്തെ തലമുറയുടെ ശുഭജീവിതദർശനങ്ങളുടെ വക്താവും പ്രയോക്താവുമായി സപ്നയെന്ന കവി മാറുന്നു.

സപ്നയുടെ ഓരോ കവിത വായിച്ചപ്പോഴും ഒരു പ്രവാസിമലയാളിയായ എനിക്ക് ഇത് എന്റെ തന്നെ വികാരങ്ങളല്ലേ എന്നു തോന്നി. ഈ കവിതകളിലൂടെ കടന്നുപോകുന്ന ഏതൊരാളിലും ഈ വികാരം ജനിപ്പിക്കപ്പെടും എന്നതിൽത്തന്നെ ഒരു സാഹിത്യസൃഷ്ടിയുടെ പ്രഥമമായ ലക്ഷ്യപ്രാപ്തി കൈവരിച്ചിരിക്കുകയാണ് 'സ്വപ്നങ്ങൾ' ഒരു തുടക്കക്കാരി എന്ന നിലയിൽ ഇതൊരു നേട്ടം തന്നെയാണ്. തന്റേതായ ഒരു കൊച്ചുലോകം മലയാള കാവ്യപ്രപഞ്ചത്തിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നതിൽ സപ്നക്ക് അഭിമാനിക്കാം. ഓടിയൊളിക്കാനൊരിടമായിട്ടോ അവനവനിലേ

ക്കൊതുങ്ങുവാനുള്ള ഉപാധിയായിട്ടോ ഒക്കെ കവിതകൾ മാറുന്ന പ്രവണതകൾക്കിടയിൽ ഒറ്റപ്പെട്ട ചെറുത്തുനിൽപ്പായി സപ്നയിലെ കവി മാറുന്നു. ആശയം കൊണ്ടല്ല ഭാഷകൊണ്ടാണ് ഒരാൾ കവിയാകുന്നത് എന്നതിനാൽത്തന്നെ നാളെകൾ സ്വപ്നകവികൾക്കായി കാതോർത്തിരിക്കും. പരന്ന വായനയും തെളിഞ്ഞ ചിന്തകളും വരും കവിതകൾക്ക് കൂടുതൽ തിളക്കം നൽകട്ടെ. പ്രവാസിയായ സപ്നയുടെ പ്രവാസഗന്ധം പേറുന്ന 'സ്വപ്നങ്ങൾ' ലോകമെമ്പാടുമുള്ള അക്ഷരപ്രേമികൾ ആഹ്ലാദത്തോടെ സ്വീകരിക്കും. എന്നതിൽ സംശയമില്ല. സ്വപ്നാക്ഷരങ്ങൾ സ്വപ്നശലഭങ്ങളായി മാറ്റുന്ന കവിതകൾ വീണ്ടുമീത്തൂലികയിൽ നിന്നുയരട്ടെ. അക്ഷരലോകത്തെ പുതുമുകുളങ്ങളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും സി.എൽ.എസ്. ബുക്സ് കാട്ടുന്ന താല്പര്യം ഭാഷാസ്നേഹികളേവരും തിരിച്ചറിയേണ്ടതുണ്ട്. കവയത്രിക്കും സി.എൽ.എസ്. ബുക്സിനും ഭാവുകങ്ങൾ നേർന്നു കൊണ്ട് 'സ്വപ്നങ്ങൾ' മലയാളഭാഷയ്ക്കു സമർപ്പിക്കുന്നു.

മുംബെയ്
1-11-09

ബാബു മാത്യു മുംബെയ്
09869075817

# അമ്മ

അമ്മ
ഒരായിരം ആയുസ്സിന്റെ സ്നേഹം
ചൊരിഞ്ഞവൾ
എന്റെ കൊഞ്ചലുകൾ പരിഭവങ്ങൾ
നിന്നസാന്നിദ്ധ്യത്തിന്നിരുട്ടിൽ
അനാഥരായലയുന്നു.
എന്റെ സ്വപ്നങ്ങളിൽ
കാവൽ മാലാഖയായ്
ചിറകടിച്ചെത്തും നീയമ്മ
എല്ലാമൊരു തലോടലിൽ തീർത്ത്
നിൻ സാന്ത്വനപ്പുതപ്പിൽ പൊതിഞ്ഞ്
നെഞ്ചിലെ സ്നേഹത്തിൻ ചൂടുതന്ന്
ഈണം തുളുമ്പുന്ന താരാട്ടുപാടി
എന്നെ ഉറക്കുന്നൊരമ്മ
ഓർമ്മതൻ നെരിപ്പോടി
ലെരിയുന്ന കനലാകുമമ്മ.
നിൻ മടിയിൽ തലചേർത്ത്
സാന്ത്വന സ്വരം കേട്ടുറങ്ങാൻ
വീണ്ടുമൊരു ദിനം
എന്നുവന്നീടുമിനി ?

# ശംഖുപുഷ്പം

പുഷ്പ കൽപ്പത്തിലെത്തി നീ സ്വയം
സ്വപ്നകൽപ്പത്തിലെന്ന പോൽ
നിർന്നിമേഷയായ് നിന്നു ഞാൻ നിന്റെ
ഹൃദ്ത്തുടിപ്പിൻ സ്വരത്തിനായ്.

# ദു:ഖം വെച്ചൊഴിഞ്ഞ 2008

സഖീ
നീ ഇന്ന് സുന്ദരി
ഇന്നലെ
ദുരിതക്കയങ്ങളിൽ മുങ്ങിപൊങ്ങിയപ്പോൾ
നിന്നിലെ നന്മകൾ
കണ്ടതില്ല ഞാൻ.
ഇന്നിന്റെ വീഥിയിൽ
ചലനമറ്റ് നിൽക്കുമ്പോൾ
അറിയുന്നു ഞാൻ നിൻ മഹത്വം.
ഇന്നു ഞാനറിയുന്നു.
നീയെന്റെ നഷ്ട സ്വപ്നമെന്ന്.

# എന്റെ ചന്ദ്രൻ

ഞങ്ങളിന്നറിയുന്നു
ഇത്രയുമടുത്തായിരുന്നു
നീയെന്ന്,
അകലങ്ങൾ നഷ്ടപ്പെട്ട്
ഇന്നു നീ ഞങ്ങൾക്ക് സ്വന്തം.
അമ്പിളിമാമനെ
വേണമേന്നോതുന്ന
കുഞ്ഞു കൈക്കുമ്പിളിൽ
നീയെത്തും നാളുകൾ
എത്രയടുത്താണ്.

# പുലരി

ഒരു പുലരിക്കതിർവെട്ടം
അവാച്യമാമാനന്ദനിർഝരി
കരകാണാക്കടലായനന്തമായ്
തിരയായ് നുരയായടിയുന്നെന്നിൽ
സത്യത്തിൻ മുഖം കാണുന്നെന്നാകിലും
ആരുമാർക്കും സ്വന്തമല്ലാ വാഴ്‌വിൽ
വിലയറ്റ സ്നേഹക്കൂമ്പാരക്കെട്ടിൽ
പുതുപുത്തൻ പുലരിയായ് ജീവിതം.
നനുത്ത കാറ്റിൽ നിറഞ്ഞ മനസ്സിൽ
നൈമിഷിക ചാപല്യ വേദനകൾ
ഒരു പുതുനിറവുതേടും
മനസ്സിനൊപ്പമെത്താനാവാത്ത
ജീവിതക്കിളിപാടുന്നു
പുലരിയിൽ സംഗീതം.

# പ്രവാസ കാലത്തിലെ ഗുണനപ്പട്ടിക

പ്രവാസക്കുത്തൊഴുക്കിൽ
പണ്ടുപഠിച്ച കണക്കിന്റെ പട്ടിക
ഓർക്കാൻ ശ്രമിച്ചു തളർന്നവൾ ഞാൻ
വരവുചിലവുകൾക്കിടയിൽ
ജീവിതത്തിന്നറ്റങ്ങൾ
കൂട്ടിമുട്ടിക്കാനാവാതെ
തെറ്റുന്നു കണക്കുകൾ
ആവശ്യങ്ങളുടെ നീളുന്ന പട്ടികയാൽ
നിറയുന്ന കടലാസ്സിൽ
തെളിയുന്ന മുഖം
കണക്കുമാഷിന്റെത്.
മാഷ്,
അന്നു നീ പഠിപ്പിച്ച
ഗുണനഹരണങ്ങൾ തൻ
ചതുരത്തിലൊതുങ്ങാൻ മടിക്കുന്ന
കണക്കിൻ കളികളിൽ
പതറുന്നു ഞാൻ.
ഭാഗ്യം, ജീവിത ഭാരമളക്കാനെടുത്ത
കയറിന്റെ നീളവും ബലവും
കൂട്ടിയതുമാത്രം തെറ്റിയില്ല.
നന്ദി,
പണ്ടത്തെ കണക്കുമാഷിന്.

# ക്രൂശിതൻ

പതറുന്ന മനസ്സുകൾക്ക് ശക്തിയായ്
സ്നേഹം കൊതിക്കും
ലോകത്തിന് സ്നേഹാമൃതമായ്
സാന്ത്വനം തേടിയലയും
മനസ്സുകൾ-
ക്കാശ്വാസത്തേൻമഴയായ്
ഇന്നും കുരിശിൽ
പിടയുന്നവൻ

# അസ്തമയം

ഒരുനുള്ളു സൂര്യനും
ഒരു പിടി മേഘവും
ചിറകുവിരിച്ചു പറക്കുന്ന പക്ഷിയും
പറയുന്നു എന്നോട്
സോദരീ നേരമായ്
പിരിയുവാൻ ഒരുജന്മ-
സാഫല്യത്തികവോടെ
പോകട്ടെ ഞാനിപ്പോൾ

# നിസ്സഹായ

ഞാൻ,
നിലയ്ക്കാത്ത വേദനകൾ
ദു:ഖത്തിൻ പര്യായമായ്
എന്നിലലിഞ്ഞു ചേർന്നവൾ
അസ്സാന്മാർഗ്ഗികളെന്നു
മുദ്രകുത്തപ്പെട്ടവരുടെ കൂട്ടുകാരി
വിശ്വാസത്തിന്റെ മേൽമുണ്ടണിഞ്ഞ
അവിശ്വാസി
ആവർത്തന വിരസതയുടെ
ദിനചര്യകളാകുന്ന
തടവറയിൽ കഴിയുന്നവൾ
ഉറ്റവർ പൊട്ടിച്ചെറിഞ്ഞ
ബന്ധങ്ങൾ തൻ
ചങ്ങല പേറുന്നവൾ
ശേഷിച്ച ജീവിത ഭാരം
രക്തത്തിലലിയിച്ച്
ചുമപ്പിനെ പ്രണയിക്കുവാൻ
വിധിക്കപ്പെട്ടവൾ.

# തേൻ മഴ

ആലിപ്പൂമ്പഴമായി
തേനിന്റെ കണമായി
വീണൊരീത്തുള്ളികളേതിനെയും
കൈകളിൽ കോരി ഞാൻ
നെഞ്ചോടുചേർത്തുവ-
ച്ചാനന്ദസാഗരേയാറാടുന്നു.
എത്രയോ കാതങ്ങളായി
ഞാൻ കാണുന്നു
ഇച്ചെറു സ്നേഹപ്പൂത്തുമ്പികളെ
നേർത്ത കുളിർമയായ്
സുഖമുള്ളരോർമ്മയായ്
വേദന തൻ തിരമാലയായി
ഒരു നീണ്ട യാത്രതൻ
ശേഷമായെത്തിയ
പ്രിയങ്കരിയാമെന്റെ കൂട്ടുകാരി
ചേർന്നു നീ വാഴ്കയെൻ
ഹൃത്തടേനവ്യമാ
മാനന്ദ ഗീതമായിന്നുമെന്നും.

# അക്ഷരപ്രേമി

അക്ഷരങ്ങളെ പ്രണയിച്ചിരുന്നപ്പോൾ
പുസ്തകങ്ങൾ കൂട്ടുകാരായിരുന്നു.
അക്ഷരം വിട്ട്
അക്കങ്ങളെ പുൽകേണ്ടി വന്നപ്പോൾ
മരവിപ്പു നൽകി
ജീവിതത്താളുകൾ
ഓടുന്ന വണ്ടിയിൽ
മായുന്ന കാഴ്ചപോൽ
ഓടിയകന്ന പരിചിതക്കൂട്ടരും
തേടി വരുന്നൊരു സൗഹൃദ പുഞ്ചിരി
ക്കുള്ളിലൊളിക്കും കാപട്യത്തിരകളും
കണ്ടുമടുത്തു തിരിഞ്ഞു നടന്നെത്തി
യിന്നീ മരച്ചോട്ടിൽ
ഏകയായ് നിൽപ്പൂ ഞാൻ

# ഗന്ധർവ്വനെക്കാത്ത്

സൂര്യചന്ദ്രന്മാരാരും
കൂട്ടിനായില്ലാത്ത
രാത്രികളോരോന്നും
മാറി മറയവെ
കാത്തിരിക്കുന്നു ഞാൻ
എന്റെ ഗന്ധർവ്വനായ്
സ്നേഹ കണങ്ങളെ ഹൃത്തതിൽ സൂക്ഷിച്ച്
മോഹപുഷ്പങ്ങളെ മാരിയായ് പെയ്യിച്ച്
ആകാശമേഘങ്ങൾ തന്നുടെ തേരേറി
യെന്നെന്റെ ഗന്ധർവ്വ-
നെന്നെത്തിരഞ്ഞെത്തും ?
അതിരുകളെല്ലാം തകർത്തെറിഞ്ഞീടുന്ന
പരിശുദ്ധ സ്നേഹത്തിന്നാലയത്തിൽ
കാത്തിരിക്കുന്നു ഞാനെന്നടുത്തെത്തുമെൻ
രാജരാജേശ്വര ഗന്ധർവ്വനെ.

# പൊലിഞ്ഞ സ്വപ്നം

സ്വപ്നത്തിലല്ല, ഒരു ചിത്രത്തിലെന്ന പോൽ
തെളിയുന്നു ദൈന്യത
ഉറയുന്ന വദനങ്ങൾ
ഇന്നലെക്കണ്ട അനാഥ
ക്കുഞ്ഞുങ്ങൾ തൻ ദീന കഥ
ഓരോന്നായി കുറിച്ചു ഞാൻ.
കഥ? ഇതു കവിതയോ?
അക്ഷരജ്ഞാനികൾ
ഒന്നൊന്നായ്കൊത്തി-
വലിച്ചൂ എൻ സൃഷ്ടിയെ.
ഭാഷയ്ക്കു ശുദ്ധിയി-
ല്ലക്ഷരവടിവില്ല.
ഭാവന കാടേറു-
മിതുനല്ല കൃതിയല്ല.
കൂട്ടരേ, ഞാനൊരു-
കവിയല്ല
ജീവനിൽത്തൊട്ടൊരു
വേദനപ്പാടുകളോരോന്നും
നിങ്ങളോടോതുക
യായിരുന്നിന്നു ഞാൻ
എൻ ഭാഷ, യെൻ ശൈലി
എല്ലാം നന്നായ് വരും
നാളിലീക്കുഞ്ഞുങ്ങൾ
ഉണ്ടാകുമോ എന്തോ?

# അജ്ഞാതനായ കൂട്ടുകാരന്

ഏതോ അക്ഷര
ക്കൂട്ടുകളിൽ
എന്റെ കളിത്തോഴനായ്
വന്നവൻ നീ.
ഏതോ ശബ്ദത്തുടിപ്പുകളിൽ
ഏതോ ശ്വാസനിശ്വാസങ്ങളിൽ
എന്റേതായ് മാറിയവൻ നീ.
എന്റെ മനസ്സിലെ നൊമ്പരങ്ങൾ
നിഴലായി മാറുന്ന വിഭ്രാന്തികൾ
കവിതയായ് മാറുന്ന വേളകളിൽ
സാന്ത്വനമായി
കൂടെ നിന്നവൻ നീ.
ഓരോ ദിവസവും ഞാനറിയാതെന്റെ
ഓർമ്മകൾ നിന്നെയും തേടിയെത്തി
എന്റെ മനസ്സാം തടവറ വിട്ടവ-
യക്ഷര പുഷ്പം വിടർത്തിനിന്നു
നിന്റെ മനസ്സിന്നകത്തളത്തിലെന്നു-
മെന്നും കഴിയാൻ കൊതിച്ചുനിന്നു.
ഇത്തിരി സ്നേഹവും ഒത്തിരി മോഹവും
കുമ്പിളിലാക്കി ഞാൻ തന്നിടട്ടെ.

# ഒരു മുഖം

അന്ന്,
പ്രണയത്തിന്നാദ്യമാം കണികയെ
തിരിച്ചറിയാതെ വെറുമൊരു
കൗതുകം മാത്രമായ് കണ്ടൂ ഞാൻ.
ഇടവഴിയിൽ തിരഞ്ഞെത്തിയ
കാറ്റുമൂളും കവിതകളിൽ,
മുറ്റത്തെ തലയാട്ടും പൂമരച്ചില്ലയിൽ
കൂടുകൂട്ടി ചോദിച്ചു സ്നേഹപ്പക്ഷി
അറിയില്ലേ എന്നെ..?
ഇന്ന്,
വീടും നാടും വിട്ട്
തോടും പുഴയും മറന്ന്
ഇവിടെയേകയായ് നിൽക്കുമ്പോൾ
ഓർക്കുന്നു ഞാൻ
അന്ന് നീ നൽകിയ
സ്നേഹ സാന്ത്വനങ്ങളെ.

# നിശ്വാസം

ഒരു മന്ദമാരുതനായാണ്
അവൻ വന്നത്.
പെട്ടെന്നൊരു കൊടുങ്കാറ്റായ് മാറി
എല്ലാം തകർത്ത്
രോദനങ്ങൾ കേട്ടില്ലെന്ന് നടിച്ച്
അതു ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു.
മണലുകളെ പുൽകി മണൽക്കാറ്റാക്കി
കനലുകളെക്കൂട്ടി കനൽക്കാറ്റാക്കി
ആയിരങ്ങളുടെ സ്വപ്നങ്ങളെ
ആകാശത്തമ്മാനമാടി.
അജയ്യനായി നീങ്ങുന്നീ കൊടുങ്കാറ്റ്
എല്ലാം നഷ്ടമെന്ന് കരുതിയ നിമിഷങ്ങളിൽ
എവിടെ നിന്നോ വന്ന ഒരു വിശ്വാസം
ഒരു ദീർഘമതിലായി
ക്കാറ്റിന്റെ വഴിമുടക്കി.
എല്ലാമടങ്ങിയപ്പോൾ
വാനവും ഭൂവും നിശ്ചലമായപ്പോൾ
നാടിനായ് ജീവൻ ഹോമിച്ച
രക്തസാക്ഷിയുടെ കല്ലറയിലേയ്ക്ക്
ആ നിശ്വാസം തിരിച്ചുപോയി.

# കൊടുങ്കാറ്റ്

പോയ നാളുകൾ പോയ സമയം
പിന്നെയെത്ര
പോയി നൽ വർഷങ്ങളും
മനസ്സിൻ സ്വപ്നങ്ങളും ?
എങ്ങുനിന്നറിവീല
വന്നതാമിളം തെന്നൽ
എങ്ങുമേ തകർക്കുന്നു
ഭ്രാന്തമാം കൊടുകാറ്റായ്
രോദനം, സഹതാപം
പ്രാർത്ഥന മതിലുകൾ
രോഷാന്ധ മണൽക്കാറ്റിൻ
ദീർഘമാം ശ്വാസത്താലേ
വീഴ്കേ, ഞാൻ ചിന്തിച്ചൂ ആ
ചൂടിനാൽ തകർത്തതു
ജീവിതമെന്നാലതിൽ
ബാക്കിയായൊന്നുമില്ല
കേവലമൊരു ദീർഘ-
ശ്വാസത്തിലൊതുക്കിയോ
താവകജീവിതത്തെ
സർവ്വവുമറിയുന്നോൻ ?
ഉത്തരമാകും മാരി
ചെയ്വതിൻ മുന്നേ രക്ത
ബന്ധങ്ങൾ തകർക്കുവാൻ
ചോദ്യമാം കൊടുങ്കാറ്റോ ?
എങ്കിലും മൺമറഞ്ഞ
പിതൃക്കൾ തൻ ദീർഘമാം
നിശ്വാസത്തിങ്കലെല്ലാം
ജീവന്റെ പ്രകാശമായ്.

# സോദരി

സോദരീ
നമ്മൾ നടുമുറ്റത്ത് പിച്ചവച്ചതും
മണ്ണപ്പം ചുട്ടു കളിച്ചതും
നീ മറന്നുവോ ?
എന്റെ കൈകളിൽത്തൂങ്ങി
അന്നു നീ ചൊന്ന കിന്നാരങ്ങൾ
ഇന്നും മുഴങ്ങുന്നെന്റെ കാതിൽ
അകലെയിരുന്ന്
ഞാൻ കേൾക്കുന്ന കഥയിലെ
പിടയുന്ന പേടമാൻ നീയോ?
വീഴാതെ എന്നും കാത്ത
ഈ ഏട്ടന്റെ കരങ്ങൾ
എന്തേ നീ ഓർത്തതില്ല ?

# ഞാൻ

പിച്ചവയ്ക്കാൻ പഠിപ്പിച്ചത്
അമ്മയുടെ കൈകളല്ല
ബേബിവാക്കറാണ്.
ചുണ്ടുകളിൽ തത്തിക്കളിച്ചത്
മേരിയും ലിറ്റിൽ ലാമ്പുകളും
ബർഗറും ചിപ്സും പെപ്സിയും
എന്റെ കൂട്ടുകാർ
സൂപ്പർമാനും ടാർസനും
ഊണിലുമുറക്കത്തിലും
'ഗ്രാൽപ്രീ' റേയ്സ് നടത്തി
എന്റെ വിരൽത്തുമ്പിൽ
'ബൈക്കു'കളും 'സ്പീഡ് ബോട്ടു'കളും
അച്ഛൻ തന്ന കമ്പ്യൂട്ടറിലെ
മനസിന്റെ വികൃതികളിൽ
ഞാനിന്നൊരു
'കട്ട്-ൻ-പേസ്റ്റ്' ഉപജ്ഞാതാവ്.
'സമ്മർഹോളിഡേ'യിലെ
'ഓൾഡ് ഗ്രാനിയുടെ
വീട്,
മൊബൈലിന് ഏരിയലും
കമ്പ്യൂട്ടറിനു നെറ്റുവർക്കുമില്ലാത്തിടം
എനിക്ക് തടവറ
നൈറ്റ് ക്ലബ്ബിൽ നിന്ന് മമ്മിയെത്തും മുമ്പേ
എങ്ങോട്ടോ പോയ പപ്പയോട്
'ഗുഡ്നൈറ്റ്' പറഞ്ഞ്
ഞാനുറങ്ങാൻ പോയി,
ആരോടും 'ഗുഡ്മോണിംഗ്'
പറയാനില്ലാത്ത
നാളെയുണരാനായി.

# ഒരു ചുംബനം

എന്റെ സ്വപ്നത്തിൽ
പണ്ടു നീയെനിക്കു തന്ന
ആ ചുംബനമുണ്ടല്ലോ
അതിന്നും
എന്റെ ചുണ്ടിലുണ്ട്.
ദുഃഖങ്ങളുടെയും
നഷ്ടങ്ങളുടെയും ലോകത്ത്
ഏകയായിരിക്കുന്ന എനിക്ക്
സാന്ത്വനമലരായ്
കൂട്ടിനുണ്ട് ആ സ്വപ്ന ചുംബനം.
നന്ദി സുഹൃത്തേ
നന്ദി.

# ഓർമ്മ

തിരിച്ചു വരില്ലാത്തോതോ
നടവഴികളിൽ
എനിക്കായച്ഛനുമമ്മയും പണ്ട്
ചൊരിഞ്ഞ സ്നേഹം
നുണയുന്നു ഞാൻ
എന്നും കൊതിക്കുന്നു
'എൻകുഞ്ഞേ' യെന്നന്ന്
നിങ്ങൾ വിളിച്ച വിളി കേൾക്കാൻ.
കണ്ണീർക്കണങ്ങളിറ്റിറ്റു വീഴുമ്പോൾ
അമ്മതൻ സ്പർശത്തിനായ്,
കല്ലിലും മുള്ളിലും
കാൽ കുഴഞ്ഞിടുമ്പോൾ
അച്ഛന്റെ കൈത്താങ്ങിനായ്,
ഞാൻ കൊതിക്കുന്നു.
പിരിയാൻ മനസ്സില്ലാ
യെന്നിരുന്നാകിലും
പോയ്‌വരൂ എന്നോതി
വിതുമ്പുന്ന ചുണ്ടുകൾ
പതറുന്നു മനമെന്നാ-
ലവയൊട്ടും കാട്ടാതെ
'നന്നായ് വരും'
എന്നനുഗ്രഹിക്കും കൈകൾ
കൺതുറന്നാലുമടച്ചാലുമെപ്പോഴും
മുന്നിൽ തെളിയുന്നു ഇങ്ങകലങ്ങളിൽ.

# ജന്മസാഫല്യം

രണ്ടു കൈകൾ
എന്നെ താങ്ങുന്നത്
ഇന്നലെ ഞാൻ സ്പ്നം കണ്ടു
ഉണർന്നപ്പോളറിഞ്ഞു ഞാ-
നാ കൈകളിലാണു
തലവച്ചുറങ്ങിയതെന്ന്.
പേരുവിളിച്ചരികിലൊരു
ദിനമെങ്കിലും
നീയിരിക്കുമെന്നാശിച്ചു ഞാൻ.
ഇന്നെന്നരികിൽ നീയിരിക്കുമ്പോൾ-
അത്ഭുതമുണ്ടിത്
സത്യമോ മിഥ്യയോ ?
മിഥ്യയെന്നു ഞാൻ
കരുതിയതൊക്കെയും
സത്യമെന്നെന്നെ പഠിപ്പിച്ചു തന്നു നീ
സങ്കടക്കായലിൽ മുങ്ങുമ്പോൾ പൊങ്ങുവാൻ
താങ്ങായിച്ചാരത്ത് വന്നിരുന്നു.
ആധിയിൽ വ്യാധിയിൽ നല്ല സ്വപ്നം കാണാൻ
ആനന്ദ ദീപമാം
നീ പഠിപ്പിച്ചെന്നെ.
ഏതെല്ലാം സ്വപ്നങ്ങൾ
കാണാൻ കൊതിച്ചാലും
കാണുമാറാക്കുന്നു
ഒക്കെയുമോരോന്നായ്
ഏതൊക്കെ സ്വപ്നങ്ങൾ കണ്ടു കഴിഞ്ഞാലും
യാഥാർത്ഥ്യമായതു മുന്നിൽ വരുത്തുന്നു.
എത്രയോ ഭാഗ്യയാണെന്നറിയുന്നു ഞാൻ
ആരുണ്ടീ ഭൂമിയിലെന്നൊപ്പം നിൽക്കുവാൻ.

# ദൂരം

രാവിൽ നിന്നും പകലിലേക്കുള്ള ദൂരം !
അതോ.....
പകലിൽ നിന്നു രാവിലേയ്ക്കുള്ള ദൂരമോ ?
ജനനത്തിൽ നിന്നും
മരണത്തിലേക്കുള്ള ദൂരം
അതോ ....
മരണത്തിൽ നിന്നു
ജനനത്തിലേക്കുള്ള ദൂരമോ ?
എന്നിൽ നിന്നും നിന്നിലേക്കുള്ള ദൂരം
അതോ ..
നിന്നിൽ നിന്നു എന്നിലേക്കുള്ള ദൂരമോ ?
രാവിനും പകലിനും
ജനനത്തിനും മരണത്തിനും
എനിക്കും നിനക്കുമിടയിൽ
എപ്പൊഴോ
ജീവിതത്തിൽ നിന്നും സ്വപ്നങ്ങളിലേക്ക്
അല്ല...
സ്വപ്നങ്ങളിൽ നിന്നും
ജീവിതത്തിലേക്കുള്ള ദൂരം
ഞാൻ അറിയാതെപോയി !!!

# കഫൻ ധരിച്ച കൃഷ്ണഗാഥ

ആമീ,
അറിയുന്നു ഞങ്ങളിന്ന്
നീ ചൊന്ന വാക്കുകൾ
സ്നേഹത്തിന്റെതെന്ന്
നീ തന്നെ പാഠം
മതങ്ങൾക്കുമപ്പുറത്താണ്
മനുഷ്യസ്നേഹമെന്ന്
ജാതിമതക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ്
ജീവിതമൊരു കലാലയമാക്കിയവൾ നീ
ഏവർക്കും തോഴിയായ് സോദരിയായ്
സ്നേഹത്തിൻ വാടിയിൽ വാണവൾ നീ
രാധ,
നീ കൃഷ്ണന്റെ രാധ,
കയ്പേറും ജീവിത യാത്രയിൽ
തളരാതെ, കല്ലിലും
മുള്ളിലും പതറാതെ പോയവൾ
സ്നേഹഗീതം പാടി
വാഴുന്നു നീ ഞങ്ങൾതൻ
ഹൃത്തതിൽ
എല്ലാ മതങ്ങളും ഒന്നെന്ന സത്യം
നിൻ സ്നേഹ
സന്ദേശമായിപ്പടരട്ടെ
എല്ലാ ജനങ്ങളും ഒന്നായി വാഴുന്ന
വിശ്വസാഹോദര്യ
പുഷ്പങ്ങൾ വിടരട്ടെ.

# സ്വപ്നത്തുള്ളികൾ

നിറഞ്ഞൊഴിഞ്ഞില്ലാതെയാവുന്ന തുള്ളികൾ
ഏവർക്കും നന്മയായ് മാറുന്ന തുള്ളികൾ
തിമിർത്തുപെയ്തില്ലാതെയാകുന്ന തുള്ളികൾ
പേരറിയാത്തൊരു വേദനത്തുള്ളികൾ
ഏവരും കാത്തിരുന്നീടുന്ന മുത്തുകൾ
മാനത്തു നിന്നും വിതറുന്ന മൊട്ടുകൾ
മണ്ണുതണുപ്പിച്ചലിയുന്ന തുള്ളികൾ
മേഘങ്ങൾ ചൊരിയുന്ന
കണ്ണുനീർത്തുള്ളിക-
ളിതെന്റെ സ്വപ്നങ്ങൾ
പെയ്യുന്ന തുള്ളികൾ.

# ഒരോർമ്മദിനം കൂടി

ഒരോർമ്മദിനം കൂടി
ഇവിടെയീസിമിത്തേരിയിൽ
പൂത്തുനിൽക്കുന്ന
റോസച്ചെടിക്കരികിൽ
പുകഞ്ഞു തീരുന്ന
സാമ്പ്രാണിത്തിരികൾക്കും
കുന്തിരിക്കത്തിന്റെ
ഗന്ധത്തിനുമൊപ്പം
നിൽക്കുന്നു ഞാനൊ-
രായിരം ജന്മത്തിന്റെ
സ്നേഹം ചൊരിഞ്ഞകന്നോ-
രെന്നമ്മയ്ക്കരികിൽ
ഇന്ന് ഓർമ്മദിനം
ഒഴുകിയിടമെല്ലാം നനച്ച് നിറച്ച്
തിരികെ
സമുദ്രത്തിലെത്തിയ നദി അമ്മ.
നഷ്ടസ്നേഹത്തിന്റെയാഴമളക്കുവാ-
നാകാതെ വിറപൂണ്ടു-
നിന്നൊരെൻ കൈകളിൽ
സ്വസ്ഥമുറങ്ങുമെൻ പുത്രിയാ-
യിന്നെന്റെ ദുഃഖമകറ്റാൻ
പുനർജ്ജനിച്ചെത്തിയോ ?
ഒത്തിരി ചോദ്യത്തിനുത്തരമായവൾ
നിദ്രയിലും ഗൂഢമായി ചിരിക്കുന്നു.

# കളിത്തോഴി

തെന്നലിൻ കുളിർമപോൽ നിഴലായൊപ്പം
ബാല്യത്തിലേ കളിക്കൂട്ടുകാരി
നടവഴികളിലിടവഴികളിൽ കഥകളായ് മാറീ
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം.

ഓടി മറയുന്നു ദിനങ്ങൾ വർഷങ്ങളായ്
കൂടെയുണ്ടവളെപ്പോഴും കഥകളുമായ്
വാക്കുകളിൽ വേദനാ പുഷ്പങ്ങളൊരുക്കുന്നവൾ
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം

വ്യത്യസ്ത വർണ്ണക്കലാലയകാൻവാസിൽ
ചിത്രങ്ങളാം സതീർത്ഥ്യർക്കിടയിലന്നൊരു
പൗർണ്ണമിച്ചന്ദ്രികയായി തിളങ്ങിയോൾ
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം

എവിടെയോ വഴിതെറ്റി ജീവിതയാത്രയി-
ലേകയായ് നിന്നു ഞാൻ തേങ്ങിയപ്പോൾ
ഓർമ്മതൻ സൗഗന്ധത്തേരിലെത്തീടുന്ന
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം.
ഞാനില്ലാ നാളിലും എന്നേത്തന്നോർമ്മയിൽ
തേജസ്സോടെന്നും നിറുത്തിയവൾ
നാളുകൾക്കിപ്പുറത്തിന്നെന്റെ ചാരത്ത്
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം.

ആലിംഗനത്തനായ് നീട്ടിയ കൈകളു
ആരോരുമറിയാതൊളിപ്പിച്ച സ്നേഹവും
ഇത്രനാളുമെനിക്കായി സൂക്ഷിച്ചവൾ
ഇവളെൻ കളിത്തോഴി എന്നെന്നും എൻ സ്വന്തം.